11. ശ്രീമതി ഷെർളി സ്റ്റീഫൻ
12. ശ്രീമതി വത്സലകുമാരി
13. ശ്രീ. എസ്. ഭരത് കുമാർ
14. ശ്രീ. ജോർജ് സി. ജോസഫ്

എന്നിവരുടെ പരാതികളിൻമേൽ തീർപ്പുകൽപ്പിക്കുവാനായുണ്ട്.

(എഫ്) എത്രയും പെട്ടെന്ന് നടപടികൾ പൂർത്തിയാക്കുന്നതാണ്.

എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന റൂട്ടിൽ പുതിയതായി കെ.എസ്. ആർ.ടി.സി. ബസ്സ് സർവ്വീസ്

96(192)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന റൂട്ടിൽ പുതിയതായി ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതനുസരിച്ച് കുന്നത്തുനാട് എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം ബസ്സ് സർവ്വീസ് തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ-ചെമ്പറക്കി-കിഴക്കമ്പലം-പടിമറ്റം-നെല്ലാട് മൂവാറ്റുപുഴ വഴി തിരുവനന്തപുരത്തേക്ക് ഒരു ബസ്സ് സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട് എം.എൽ.എ. നിർദ്ദേശിച്ച റൂട്ടിൽ ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ റൂട്ട് പൂർണ്ണമായും ദേശവൽകൃത മേഖലയിലല്ലാത്തതിനാലും ബസ്സുകളുടെ അപര്യാപ്തതമൂലവും പ്രസ്തുത ബസ്സ് സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ വനിതാ റിസർവേഷൻ വ്യവസ്ഥ

97 (1921)ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ വനിതാ റിസർവേഷൻ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകളിൽ ഇടയ്ക്കുവച്ച് കയറുന്ന വനിതകൾക്ക് കണ്ടക്ടറുടെ സീറ്റിന് സമാന്തരമായിട്ടുള്ള മൂന്നുപേർക്കിരിക്കാവുന്ന സീറ്റ് ഒഴിപ്പിച്ചു നൽകുവാൻ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ബസ്സ് പുറപ്പെടുന്നിടത്തുവച്ച് വനിതകൾക്ക് അനുവദനീയമായ മറ്റു സീറ്റുകളിലിരിക്കുന്ന പുരുഷൻമാർ ഇടയ്ക്കുവച്ചു കയറുന്ന വനിതകൾക്ക് ഒഴിഞ്ഞുകൊടുക്കുവാൻ കണ്ടക്ടർ അഭ്യർത്ഥിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സമാന്തരമായിട്ടുള്ള സീറ്റ് ഇടയ്ക്കുവച്ച് കയറുന്ന വനിതകൾക്ക് അനുവദിക്കുമെന്നും റിസർവേഷൻ സീറ്റിലിരിക്കുന്ന പുരുഷൻമാർ ഒഴിഞ്ഞു കൊടുക്കുവാൻ കണ്ടക്ടർ അഭ്യർത്ഥിക്കണമെന്നും ഒരേ സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഇങ്ങനെ ഒരു വ്യവസ്ഥ സർക്കുലറിലുള്ളതുകൊണ്ട് യാത്രക്കാരും കണ്ടക്ടർമാരും തമ്മിൽ സീറ്റ് ഒഴിഞ്ഞുകൊടുക്കുന്നതു സംബന്ധിച്ച് തർക്കം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സർക്കുലറിൽ വിരുദ്ധമായ നിർദ്ദേശങ്ങളുള്ളതുകൊണ്ട് സീറ്റ് ഒഴിഞ്ഞു കൊടുത്തിട്ടില്ലെങ്കിൽ കണ്ടക്ടർക്ക് എന്ത് നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇടയ്ക്കുവച്ച് കയറുന്ന വനിതകൾക്ക് നിർബന്ധമായും സീറ്റ് ഒഴിഞ്ഞുകൊടുക്കണമെന്ന് വ്യവസ്ഥ ചെയ്യുമോ?

ഉത്തരം

(എ) 3/97-നു ശേഷം മാറ്റം വരുത്തിയിട്ടില്ല.

(ബി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ് എന്നീ സർവ്വീസുകളിൽ ബസ്സു പുറപ്പെടുന്ന സ്ഥലത്ത് സ്ത്രീ യാത്രക്കാരുണ്ടെങ്കിൽ അവർക്ക് 25% സീറ്റുകൾ നൽകുന്നതാണ്. ഇടയ്ക്കുവച്ചു കയറുന്ന സ്ത്രീകൾക്കുവേണ്ടി 25% സീറ്റുകൾ ഒഴിച്ചിട്ട് സർവ്വീസ് നടത്താൻ കെ.എസ്.ആർ.ടി.സി.ക്കു കഴിയില്ല. അതുപോലെതന്നെ ദീർഘദൂരത്തേക്ക് ടിക്കറ്റെടുത്ത് ഇരുന്നു യാത്രചെയ്യുന്ന പുരുഷ യാത്രക്കാരെ ഇടക്കുവച്ചു കയറുന്ന സ്ത്രീ യാത്രക്കാർക്കുവേണ്ടി സീറ്റ് ഒഴിഞ്ഞുകൊടുക്കാൻ കർശനമായി ആവശ്യപ്പെടുന്നതും യുക്തിസഹമല്ല. എന്നാൽ 25% സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥിതിക്ക് ഇടയ്ക്കുവച്ചു കയറുന്ന സ്ത്രീ യാത്രക്കാർക്ക് സീറ്റു നൽകുവാൻ കണ്ടക്ടർ അഭ്യർത്ഥിക്കാൻ ബാദ്ധ്യസ്ഥനാകുന്നു. അതുകൊണ്ടാണ് ബന്ധപ്പെട്ട ഉത്തരവിൽ ആയത് നിഷ്കർഷിച്ചിരിക്കുന്നത്.

(ഇ) റിസർവേഷൻ സീറ്റിൽ ഇരിക്കുന്ന പുരുഷ യാത്രക്കാർ ഇടയ്ക്കുവച്ച് കയറുന്ന വനിതകൾക്കുവേണ്ടി സീറ്റ് ഒഴിഞ്ഞുകൊടുക്കണമെന്ന് പറയാൻ കെ.എസ്.ആർ.ടി.സി.ക്കു കഴിയില്ല. 25% സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ബസ് പുറപ്പെടുന്ന സ്ഥലത്ത് സ്ത്രീ യാത്രക്കാർ ഉണ്ടെങ്കിൽ അവർക്കു നൽകുന്നതാണ്. എന്നാൽ സ്ത്രീ യാത്രക്കാരില്ലെങ്കിൽ ടി സീറ്റുകൾ പുരുഷൻമാർക്ക് അനുവദിക്കും. ഒരു കൊമേഴ്സ്യൽ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക് സ്ത്രീ

---

† അനുബന്ധം - XIII

LIBRARY ARCHIVES Kerala Legislative Assembly

യാത്രക്കാർക്കുവേണ്ടി സീറ്റ് ഒഴിച്ചിട്ട് സർവ്വീസ് നടത്താൻ കഴിയില്ല. ഏതവസരത്തിലും കണ്ടക്ടർ സീറ്റിന് സമാന്തരമായി വലതുവശത്തുള്ള മൂന്നുപേർക്കിരിക്കാവുന്ന സീറ്റിൽ പുരുഷൻമാർ ഇരിക്കുകയാണെങ്കിൽ അവരെ മാറ്റി സ്ത്രീകൾക്ക് നൽകുന്നതാണ്. 25% സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ടാണ് ആ സീറ്റിൽ ഇരിക്കുന്ന പുരുഷൻമാരോട് കണ്ടക്ടർ അഭ്യർത്ഥിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. നിലവിലുള്ള നിയമങ്ങൾ അനുസരിച്ചാണ് ഒരേ സർക്കുലറിൽ രണ്ടു കാര്യങ്ങളും വ്യവസ്ഥചെയ്തിരിക്കുന്നത്.

(എഫ്) ഇല്ല.

(ജി) ബന്ധപ്പെട്ട സർക്കുലറിൽ വൈരുദ്ധ്യങ്ങളില്ല.

(എച്ച്) പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഈ കാര്യം പരമാവധി പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

98(1922)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കരാർ എന്ന് മുതൽക്കാണ് പ്രാബല്യത്തിൽ വന്നത്;

(ബി) പുതുക്കിയ ശമ്പള നിരക്കുകൾ എന്നുമുതൽക്കാണ് ജീവനക്കാർക്ക് നൽകിയത്;

(സി) ഈ ഇനത്തിൽ ജീവനക്കാർക്ക് കുടിശ്ശിക തുക നൽകാനുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തുക എന്നേയ്ക്ക് നൽകാനാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1.3.1997 മുതൽക്ക് പ്രാബല്യത്തിൽ വന്നു.

(ബി) 1.11.1999 മുതൽക്ക് പുതുക്കിയ നിരക്കിൽ ശമ്പളം നൽകി.

(സി) ഉണ്ട്.

(ഡി) കുടിശ്ശിക തുക പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുമെന്നതാണ് കരാറിലെ വ്യവസ്ഥ. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

കണ്ണൂർ ജില്ലയിലെ പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ

99 (1923)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly